പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1121** 30.01.2018-ൽ മറുപടിയ്ക്ക്

## ടോൾ പിരിവ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) മുൻ സർക്കാരിന്റെ കാലത്ത് സർക്കാരിന്റെ നിയന്ത്രണത്തിലുള്ള റോഡുകൾ, പാലങ്ങൾ, മേൽപ്പാലങ്ങൾ എന്നിവയ്ക്ക് ഏർപ്പെടുത്തിയിരുന്ന ടോൾ പിരിവ് സംബന്ധിച്ച് ഈ സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;<br><br>(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ടോൾ പിരിവുമായി ബന്ധപ്പെട്ട് നടത്തിയ ഇടപെടലും ഇത് സംബന്ധിച്ച സർക്കാരിന്റെ നയവും വ്യക്തമാക്കുമോ; | (എ) & (ബി) | മുൻ സർക്കാരിന്റെ കാലത്ത് സർക്കാരിന്റെ നിയന്ത്രണത്തിലുള്ള റോഡുകൾ, പാലങ്ങൾ, മേൽപ്പാലങ്ങൾ എന്നിവയ്ക്ക് ഏർപ്പെടുത്തിരുന്ന ടോൾ പിരിവ് സംബന്ധിച്ച് ഈ സർക്കാർ അവലോകനം നടത്തിയിട്ടുണ്ട്. ടോൾ രഹിത റോഡ് എന്നതാണ് സർക്കാരിന്റെ നയം, ഈ നയത്തിന്റെ ഭാഗമായി ഇരുമ്പനം റയിൽവേപ്പാലം, കൊച്ചി – മധുരദേശീയ പാതയിലെ തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ റയിവേ മേൽപ്പാലം, എറണാകുളം ജില്ലയിലെ എയർപോർട്ട്, ഇറമ്പുഖറോഡ് എന്നിവയുടെ ടോൾ പിരിവ് - G.O(MS) No. 74/2016/PWD dated. 11/11/2016 പ്രകാരം അവസാനിപ്പിക്കുകയുണ്ടായി. |
| (സി) ദേശീയപാത അതോറിറ്റി,മറ്റ് ഏജൻസികൾ വഴി നടത്തുന്ന നിർമ്മാണ പ്രവർത്തന ങ്ങൾക്ക് ടോൾ ഈടാക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ; പ്രസ്തുത നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | 100 കോടി രൂപയ്ക്ക് മേൽ നിർമ്മാണ ചെലവ് വരുന്ന പാലങ്ങൾ, റോഡുകൾ, മേൽപ്പാലങ്ങൾ എന്നിവയ്ക്ക് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് ടോൾ പിരിവ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ